അതോറിറ്റിയുടെ യോഗം ഇന്ന് പതിനൊന്ന് മണിക്ക് ചേരാൻ നിശ്ചയിച്ചിരിക്കുന്നു. പതിനൊന്ന് മണിക്ക് ഇവിടെ ബിസിനസ്സിൽ പങ്കെടുക്കേണ്ടവരാണ് ഞങ്ങൾ. അങ്ങ് ഇടപെട്ട് ഇന്നുതന്നെ യോഗം മാറ്റിവയ്പിക്കുകയും ഇതുപോലുള്ള യോഗങ്ങൾ ഇത്തരത്തിൽ ചേരരുതെന്ന് നിർബന്ധമായും ആവശ്യപ്പെടുകയും വേണം. ആവർത്തിച്ച് റൂളിംഗ് നൽകിയിട്ടും അതിന് വിരുദ്ധമായി ഇതുപോലെ യോഗം ചേരുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകണം.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ ഒരു യോഗം ഇന്ന് 11 മണിക്ക് വച്ചിരുന്നു. അങ്ങേക്ക് നോട്ടീസ് കിട്ടിയതിന്റെ ഫോട്ടോകോപ്പി എനിക്കും കിട്ടി. ഇമ്മീഡിയറ്റായി തന്നെ ഇന്ന് 3.30 മണിക്ക് യോഗം ചേരുന്നതിനായി മാറ്റിവയ്ക്കാൻ പറഞ്ഞിട്ടുണ്ട്. അതിതീവ്രമായ വരൾച്ച പ്രശ്നത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടിയാണ് യോഗം വച്ചത്. സത്യത്തിൽ പല എം.എൽ.എ.-മാരുടേയും റിക്വസ്റ്റിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി നടപടിയെടുക്കുന്നതിനുവേണ്ടിയാണ് രാവിലെതന്നെ യോഗം വച്ചത്. എങ്കിൽപ്പോലും ശ്രീ. ജോണി നെല്ലൂരിന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ഉച്ചയ്ക്ക് ശേഷം 3.30 മണിക്ക് യോഗം മാറ്റിയിട്ടുണ്ട്.

ശ്രീ. ടി. എം. ജേക്കബ്: സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ എക്സ്പ്ലനേഷന്റെ അടിസ്ഥാനത്തിൽ ഒരു കാര്യം അങ്ങയുടെ മുമ്പിൽ സബ്മിറ്റ് ചെയ്യാനുണ്ട്. ഇവിടെ പാസ്സാക്കിയിരിക്കുന്ന നിയമം അനുസരിച്ച് ഈ അതോറിറ്റി മാസത്തിൽ ഒരിക്കൽ ചേർന്നിരിക്കണം. എന്നാൽ അദ്ദേഹം പറഞ്ഞ കാരണം-എമർജൻസി വന്നതുകൊണ്ട്, വരൾച്ച വന്നതുകൊണ്ടാണെന്നാണ് എന്നാണ്. അങ്ങനെയാണെങ്കിൽ കഴിഞ്ഞ ആറേഴ് മാസങ്ങളായി ഈ അതോറിറ്റി യോഗം കൂടാത്തതിന്റെ കാരണമെന്താണ്? കൃത്യമായി കൂടണമെന്ന് ആക്ടിൽ പ്രൊവൈഡ് ചെയ്തിരിക്കുന്നതാണ്. ആക്ട് ലംഘിച്ചുകൊണ്ട് ഉദ്യോഗസ്ഥന്മാർക്ക് പ്രവർത്തിക്കാൻ കഴിയുമോ? അപ്പോൾ ഉദ്യോഗസ്ഥന്മാർ ബോധപൂർവ്വം നിയമത്തെ മറികടക്കാൻ ശ്രമിക്കുന്നു. അങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരെ ഗവൺമെന്റ് പ്രൊട്ടക്ട് ചെയ്യരുത്.

(b) റൂളിംഗ്

മി. സ്പീക്കർ: ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും കൂടി അറിവിനുവേണ്ടി പറയുകയാണ് എന്റെ പൂർവ്വികന്മാരും ഞാനും പല പ്രാവശ്യം ഇതിനെ സംബന്ധിച്ച് വ്യക്തമായ റൂളിംഗ്സ് നൽകിയിട്ടുള്ളതാണ്. ഇത് എല്ലാ എം.എൽ.എ.-മാരും പറയുന്ന പരാതിയാണ്. അടിയന്തിരാവശ്യങ്ങളിൽ കൂടേണ്ടി വരും. പക്ഷേ ഇതു സംബന്ധിച്ച് വീണ്ടും വീണ്ടും പറഞ്ഞ് ചെയർ മോശക്കാരനാകാൻ ഇനി ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ എല്ലാ മന്ത്രിമാർക്കും അതുവഴി വകുപ്പ് ഉദ്യോഗസ്ഥന്മാർക്കും ഇതു സംബന്ധിച്ച് നിർദ്ദേശം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കണം. എം.എൽ.എ.-മാർക്ക് പങ്കെടുക്കാൻ പറ്റാത്ത വിധത്തിൽ അവർ പങ്കെടുക്കേണ്ട യോഗങ്ങൾ നിശ്ചയിച്ചാൽ അത് നടത്താതിരിക്കാൻ വേണ്ട സംവിധാനമുണ്ടാക്കണം എന്നാണ് എന്റെ അഭ്യർത്ഥന.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇത് പൂർണ്ണമായും ഉൾക്കൊള്ളാം, ഇതനുസരിച്ച് നിർദ്ദേശവും കൊടുക്കാം. പക്ഷേ എം.എൽ.എ.-മാർ തന്നെ പറയുന്ന പല മീറ്റിംഗുകളും അസംബ്ലി കോംപ്ലക്സിൽ വച്ച് കൂടേണ്ടി വരും. അതിൽ തടസ്സമില്ലല്ലോ?

മി. സ്പീക്കർ: ചെയറിനെ സംബന്ധിച്ചിടത്തോളം മെമ്പർമാർക്ക് പരാതി ഇല്ലാത്തവിധത്തിൽ എന്ത് ചെയ്യുന്നതിനും ചെയറിന് വിരോധമില്ല.

VII റിപ്പോർട്ട് സമർപ്പണം

(1) 2005-ലെ കേരള ലോട്ടറികളിന്മേലുള്ള നികുതി ബിൽ

(2) 2005-ലെ കേരള ചൂതാട്ട (ഭേദഗതി) ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, 2005-ലെ കേരള ലോട്ടറികളിന്മേലുള്ള നികുതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും 2005-ലെ കേരള ചൂതാട്ട (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും ഞാൻ സമർപ്പിക്കുന്നു.

(3) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട്

ശ്രീ. ടി. എൻ. പ്രതാപൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 33-ാമത് റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

VIII (a) ക്രമപ്രശ്നം

ബില്ലിന്റെ കോപ്പി ലഭിക്കാത്തതു സംബന്ധിച്ച്

ശ്രീ. ടി. എം. ജേക്കബ്: ബില്ലുകളെ സംബന്ധിച്ച് ഒരു കീഴ്വഴക്കം സഭയിൽ ഉണ്ടല്ലോ. ആ കീഴ്വഴക്കം എന്നുപറയുന്നത് റിപ്പോർട്ട് സമർപ്പിച്ച് കഴിഞ്ഞാൽ അതിന്റെ കോപ്പി അംഗങ്ങൾക്ക് കൊടുക്കുക എന്നതാണ്. ഞാൻ

10.30 A. M.] മനസ്സിലാക്കിയിടത്തോളം ഈ രണ്ട് നിയമങ്ങളുടേയും കോപ്പി ഇതുവരേയും റെഡിയായിട്ടില്ല, കാരണം ഇന്നലെ രാത്രി വൈകി 8.30 മണിക്കാണ് കമ്മിറ്റി തീർന്നത് എന്നതാണ്. ബില്ലിന്റെ കോപ്പികൾ അംഗങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly